There is a cry for Prohibition everywhere. The income of the department is going down, as it must. Want of tact on the part of officers in dealing with the license-holders is the prime cause of the fall in revenue this year. The department has yet to learn that it is not right to use its strength like a giant, even if it is invested with a giant's force.

In the Department of Law and Justice, the expenditure is increasing every year. The appointment of an Additional Judge was considerered at one time a superfluity. But Additional Munsiffs have come into the arena now. This was necessitated mostly by the want of discretion in the choice of persons for the posts.

The Education Department is also over-manned. It is highly necessary to cut down the increasing expenditure under this head, which can well be done by handing over the responsibility for Secondary ed:catoin to private hands wherever possible.

Almost all the Mofussil hospitals and dispensaries are ill-provided with medicines. The major portion of the big amount of the two lakhs and a half spent annually is appropriated for the equipment of the Hospitals at Ernakulam and Trichur, and to the appointment of unnecessary hands, so that the needy poor in the Mofussil are turned back from the medical institutions of the places, which give no help for want of medicines. Under this department there are a set of officers called the Taluk Sanitary Inspectors, drawing a salary of Rs. 75 and Rs. 100, with very little or no work, other than that of verifying 75 per cent of the vaccinated cases. The work assigned to them at their inception is allied to the work of the Panchayats. There are Panchayats in almost all the villages. The work of the Inspectors can very well be transferred to the Panchayats and their posts abolished. There is no justification to continue them. Even here there are more hands than are necessary, so much so, that recently one has been deputed to the Municipal Council, Chittur.

Public Works—I find an amount of Rs. 10,800 for the extension of the Nemmara High School building.

LIBRARY ARCHIVES Kerala Legislative Assembly

The present building is composed of temporary sheds which the department calls "semi-permanent sheds."

Mr. C. MATTHAI (*Director of Public Instruction*).

The work going to be done is not temporary. What is going to be done is a permanent extension.

Dr. A. G. MENON (*Tattamangalam*).

It is stated in the Preliminary Budget that an extension is going to be made to the Nemmara High School. Therefore, it means constructing temporary sheds for the Nemmara High School, as stated by the honourable member.

Mr. C. MATTHAI (*Director of Public Instruction*).

It is a permanent extension.

Mr. A. EACHARA MENON (*Chittur*).

Is it judicious, is it not mere waste to spend big sums for the extension of temporary sheds? Either some few thousands of rupees should be appropriated from other less urgent works and a *pucca* building put up, or this amount may be well used for a more urgent work this year.

In my constituency there are a few villages, the eastern-most of the taluk, bounded on three sides by the rivers. During floods they become isolated. During the recent floods they were out of the benign protection of His Highness the Maharaja for 13 days. There were no police, no *tapals*, no salt, in fact, nothing. The poor Christians of Palaniyapalayam who have a hand-to-mouth existence were deprived of food, they being not able to cross the river—for want of a bridge—to purchase their daily necessaries of life with the small pittance they have earned by hard toil. Diwan Mr. Vijayaraghava Chari promised them a bridge. Diwan Mr. Narayana Menon sympathised with them, and the Chief Engineer had consoled them. But lo! there is nothing in the budget.

There is a village called Manchakunnupadi with about 2,000 people with not even a cart-track. These poor people have to be on the mercy of the land-owners of the place. These, I hope, the Government will provide.

A lakh and fifty thousand rupees have been wasted in the construction of the Leper Asylum. Who is responsible for it? What was done to him? If he

LIBRARY ARCHIVES Kerala Legislative Assembly

had been allowed to go scot-free, where is the security in providing another Rs. 25,000 now?

With these few words, I resume my seat.

മിസ്റ്റർ. എഫ്രേം അമ്മൂക്കൻ (അഡൂർ).

ഈ കൌൺസിൽവഴി പൊതുജനാഭിപ്രായത്തെപുരസ്കരിച്ച് കൊച്ചിരാജഭരണം നടത്താൻ തീച്ചപ്പെട്ടുത്തിയതിൽ എനിക്കുള്ള ഹാർദ്ദവമായ അഭിനന്ദനത്തെ മഹാരാജാവുതിരുമനസ്സിനെ അറിയിക്കണമെന്ന് ആദ്യമായി അപേക്ഷിച്ചുകൊള്ളുന്നു. 1101-ാമാണ്ടെയ്ക്ക് തയ്യാറാക്കീട്ടുള്ള വരവുചിലവുകണക്കുകളെ കൊച്ചിരാജ്യത്തു പുതുതായി ആവിഷ്കരിച്ചിരിക്കുന്ന നിയമസഭയിൽ ഹാജരാക്കീട്ടുള്ളതിൽ അധികച്ചിലവാണ് വന്നിരിക്കുന്നതു് എന്നുള്ളതു് ഏറ്റവും പരിതാപകരമായ ഒരു സംഗതി ആണ്. പക്ഷേ ഇതു് ഈ കൌൺസിൽ മെമ്പർമാരെ പരീക്ഷിക്കുന്നതിനായി ഗവർമ്മേണ്ടു് ചെയ്തിട്ടുള്ള ഒരു വിദ്യ ആണെന്നാണ് എനിക്കു് തോന്നുന്നതു്. ഇക്കഴിഞ്ഞ നാലൊരഞ്ചൊ കൊല്ലങ്ങൾക്കുള്ളിൽ അധികച്ചിലവുള്ളതായ ഒരു വരവുചിലവു് ബഡ്ജറ്റ് തയ്യാറാക്കീട്ടുണ്ടെന്നു് തോന്നുന്നില്ല.

പ്രസിഡണ്ടു്.—കഴിഞ്ഞ കൊല്ലത്തിൽ അങ്ങനെ തന്നെ ആയിരുന്നു.

മിസ്റ്റർ. എഫ്രേം അമ്മൂക്കൻ (അഡൂർ).

എങ്ങിനെ ഇരുന്നാലും അധികച്ചിലവിൽ കലാശിപ്പിക്കാതെ കഴിച്ചുകൂട്ടണമെന്നാണ് എല്ലാ പ്രദേശത്തും ആഗ്രഹം. അതുകൊണ്ടു് ഞാൻ പറയേണമെന്നു് ആഗ്രഹിക്കുന്നതു്, വരവു് എവിടെനിന്നുണ്ടാകുന്ന ചിലവു് എവിടേയ്ക്കു് പൊകുന്നു എന്നുള്ള സംഗതികളെ ഈ കൌൺസിലിന്റെ ശ്രദ്ധക്കു് വിഷയീഭവിപ്പിക്കുന്നമെന്നാണ്. വരവിന്റെ വ്യാപാരത്തെ നോക്കുന്നതായാൽ മുന്നൂതായിൽവഴിമാത്രമെ ധനമുണ്ടാക്കാൻ നിവൃത്തിയുള്ളു എന്നു് കാണാം. അതായതു കൃഷി, കൈത്തൊഴിൽ, കച്ചവടം. എന്നാൽ ഇതിൽ നമ്മുടെ കൊച്ചിരാജ്യത്തിൽ ഉള്ള പ്രജകളിൽ എത്ര പേർ എത്ര കണ്ടു് ഓരോ വ്യവസായങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു എന്നുള്ളതു് നോക്കേണ്ടതാണ്. കൃഷി എന്നുള്ള വിഷയത്തിൽ തന്നെയാണ് അധികം പേരും ഉൾപ്പെട്ടിരിക്കുന്നതു് എന്നു് ഞാൻ പ്രത്യേകം പറയേണമെന്നില്ല. നാലിൽ തൊണ്ണൂറിലധികം കുറയാതെ കൃഷിക്കാർ തന്നെ ആയിരിക്കും എന്നാണ് എന്റെ വിശ്വാസം. കൈത്തൊഴിലിൽ നിന്നും നമ്മുടെ രാജ്യത്തുണ്ടാകുന്ന ആദായം കൃഷിയെ അപേക്ഷിച്ചു് വളരെ കുറവാണെന്നാണ് എന്റെ അറിവു്. കച്ചവടത്തിന്റെ സ്ഥിതിയും പറയേണമെന്നില്ല. പ്രത്യേകിച്ചും കച്ചവടത്തിന്റെ കേന്ദ്രസ്ഥാനമായിരിക്കുന്ന മട്ടാഞ്ചേരിയിലെ സ്ഥിതി ആണ് രാജ്യത്തിലേയ്ക്ക് വല്ല ലാഭവും കൊടുക്കുന്നതു്. ഈ മട്ടാഞ്ചേരിയിലെ കച്ചവടക്കാർ മുഴുവനും തന്നെ പരദേശികൾ ആകകൊണ്ടു് ഇതിൽ നിന്നുള്ള ആദായത്തിൽ അധികഭാഗം ഗുജറാത്തി, ബൊംബെ, മുതലായ അന്യരാജ്യങ്ങളിലേക്കു് കടന്നുപോകുന്നു. അങ്ങനെ അതും നമ്മുടെ രാജ്യത്തിലേയ്ക്കു് നഷ്ടമാണ് വരുന്നതു്. കൃഷി വിഷയ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ നിന്നും തന്നേയാണ് നമ്മുടെ നാട്ടിൽ ഇതേവരെ ഉ
ണ്ടായിട്ടുള്ളതും ഇപ്പോൾ ഉണ്ടാകുന്നതും ഇനി ഉണ്ടാകാൻ ഇ
രിക്കുന്നതും ആയ പ്രധാന വരവെന്ന് സാല്പം ആലോചിച്ചാ
ൽ അറിയാം. കൊച്ചി രാജ്യം എന്ന് ഉത്ഭവിച്ചുവൊ അന്ന് മു
തൽ ഈ കൃഷിയിൽ നിന്നും ഉള്ള ആദായം കിട്ടിവരുന്നു. ഇ
ങ്ങനെ പ്രധാന ആദായവിഷയമായ കൃഷിക്കായ്ത്തിൽ കൃഷിക്കാ
രായജനങ്ങളെ ഗവർമ്മേണ്ട് എത്രകണ്ട് സഹായിച്ചിട്ടുണ്ടെന്നു ആ
ലോചിക്കേണ്ട ഒരു വിഷയം ആണിത്. ഈ കൃഷിക്കാർ ആദ്യകാല
ത്തിൽ അവരുടെ കൃഷിയിൽ നിന്നും ഗവർമ്മേണ്ടിലേയ്ക്ക് ആദായമു
ണ്ടാക്കിക്കൊടുക്കുവാൻ എത്രകണ്ട് കഷ്ടനഷ്ടങ്ങൾ സഹിച്ചിട്ടുണ്ടെന്നുള്ള
തു് പ്രത്യേകം ആലോചിക്കേണ്ടതാണ്. എന്റെ താമസസ്ഥല
ത്തിന്നടുത്തു് കല്ലോറുകര എന്നു് ഒരു സ്ഥലം ഉണ്ടു്. നികുതി കൊടു
ക്കായ്കയാൽ ജനങ്ങളെ കല്ലു കയറിയതു് കൊണ്ടാണു് ആ പേരു
കിട്ടിയതെന്നു് പഴമക്കാർ പറഞ്ഞുവരാറുണ്ടു്. ഇങ്ങനെ കൃഷിക്കാരും
മറ്റു ജനങ്ങളും വളരെ കഷ്ടനഷ്ടങ്ങളും പാടുപീഡകളും അനുഭവി
ച്ചാണു് നമ്മുടെ രാജ്യത്തു് അനേകധനം ശേഖരിച്ചിട്ടുള്ളതെന്നും അ
ധികം ആലോചിക്കേണ്ടതില്ല. ഇപ്രകാരം രാജ്യത്തിന്റെ നട്ടെല്ലായ
കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കൃഷിക്കാർക്ക് എത്രകണ്ട് സഹാ
യം ഗവർമ്മേണ്ട് ചെയ്തിട്ടുണ്ടു്? ചിലവിഭാഗത്തിൽ കൃഷിക്കാരെ മാത്രം
കണക്കാക്കുന്നതായാൽ അവർക്കുവേണ്ടി ചിലവാക്കുന്ന ഇനങ്ങൾ വി
ദ്യാഭ്യാസം മുതലായതായി നില്ക്കുന്നു. മരാമത്തുവകയിൽ ഗതാഗത
വകുപ്പുകൾ, കൃഷിയെ മാത്രം അഭിവൃദ്ധിപ്പെടുത്തുന്നതിലേക്ക് കൃഷി
വകുപ്പു്, ഈ മൂന്നു ഇനങ്ങളും കൂഴിഞ്ഞാൽ പഞ്ചായത്തും ഒരു വിധ
ത്തിൽ കൃഷിക്കാർക്ക് ഉപയോഗപ്പെടുന്നതായി പറയും. ഇങ്ങനേ
യുള്ള ഇനങ്ങളിൽ വരുന്ന ചിലവുകളെ കണക്കാക്കുന്നതായാൽ എ
ല്ലാ ഇനത്തിലും ഓരോന്നായി പരിശോധിക്കുമ്പോൾ കൃഷിക്കാർക്ക്
മാത്രം ഇതിൽ നിന്നും എത്രകണ്ട് ഭാഗപ്പെടുന്നുവെന്നു് നോക്കേണ്ട
താണു്. ആദ്യമായി എനിക്കു് ഇതിനെക്കുറിച്ചു് പറയാനുള്ളതു് കൃ
ഷിക്കാരുടെ ഗതാഗതസൌകര്യത്തെപ്പറ്റിയാണു്. കൃഷിക്കാർ എ
ത്രത്തന്നെ നെല്ലും നാളികേരവും കൃഷിയിൽ നിന്നും ഉണ്ടാക്കി
യാലും കച്ചവടപ്രധാനമായ സ്ഥലങ്ങളിൽ കൊണ്ടുപോയി വി
റ്റു് ന്യായമായ ഒരു വില വാങ്ങി എടുക്കാൻ ഗതാഗതസൌ
കര്യത്തിനു് പ്രധാനമായ റോഡുകൾ ഉണ്ടാകാതെ നിവൃത്തി
യില്ല. എന്നാൽ നമ്മുടെ മരാമത്തു് വകുപ്പിലേക്കായി അടുത്തവർഷ
ത്തേക്കു് നീക്കിവെച്ചിട്ടുള്ള 14 ലക്ഷത്തിൽ ചില്വാനം രൂപായിൽ
പുതുതായി വഴികൾ തുറക്കുന്നതിലേക്കു് ഒന്നേമുക്കാൽ ലക്ഷത്തോ
ളം രൂപ ഉണ്ടെന്നു് പക്ഷെ അതിന്റെ തലക്കെട്ടിൽനിന്നും നമുക്കു്
തോന്നുമായിരിക്കാം. എന്നാൽ പുതുതായി വഴികൾ തുറക്കുന്നതിലേ
യ്ക്കു (കമ്മ്യൂനിക്കേഷൻസ് ജനറൽ എന്ന ഇനത്തിൽ ആണു്) കൊള്ളി
ച്ചിരിക്കുന്ന ഒരേ സംഖ്യാവാസ്തവത്തിൽ പുതിയവഴികൾ തുറക്കു
ന്നതിലെയ്ക്കു് ചിലവഴിക്കാൻ പൊകുന്നതെന്നും ഈ ഇനത്തിലേ
യ്ക്കുള്ള പ്രത്യേകം പറഞ്ഞിട്ടുള്ളതുകൊണ്ടു് ഇതിന്റെ വിവരം നമു
ക്കു് പൂർവ്വവുമായി അറിയുമ്പോൾ മനസ്സിലാകുന്നു. പഴയ പാലങ്ങൾ
വഴികൾ മുതലായവയുടെ കേടുപാടുകൾ തീർക്കുന്നതിനാണു് അവ

LIBRARY ARCHIVES Kerala Legislative Assembly

ചിലവഴിക്കുന്നതെന്നു് ഇതിന്റെ വിവരങ്ങളിൽനിന്നും അറിയാം. ഇങ്ങനെ വരുമ്പോൾ നമ്മുടെ രാജ്യത്തെ ചിലവിൽ പ്രധാനമായ മരാമത്തുവകുപ്പിൽനിന്നു് വിപ്ലവങ്ങളിലൊ മാറ്റപ്രദേശങ്ങളിലൊ യാതൊരു പുതിയവഴികളും ഉണ്ടാകുന്നതല്ല. അതിലേക്കു് തുകയൊ ചൊലും ചിലവുചെയ്യുന്നതല്ലെന്നു് കാണുന്നതിൽ അത്യന്തം വ്യസനിക്കുന്നു. ഇനി ഈ ആവശ്യത്തിലേക്കു് മാറ്റവല്ല വകയിൽനിന്നും ചിലവു ചെയ്യുന്നുണ്ടൊ എന്നു് ചോദിക്കുന്നതായാൽ പഞ്ചായത്തു വകുപ്പിൽനിന്നും പതിനയ്യായിരത്തിൽ ചില്വാനം രൂപ കണക്കിൽ കൊള്ളിച്ചിട്ടുള്ളതായി കാണാം. ഈ വരുന്ന കൊല്ലത്തിൽ പുഴുപത്തൊന്നിൽ ചില്വാനം ലക്ഷം രൂപ ചിലവുചെയ്വാൻ വിചാരിക്കുന്നതിൽ പതിനയ്യായിരം രൂപമാത്രംകൂഷിക്കാക്കു്, അതായതു് രാജ്യത്തിലുള്ള എല്ലാജനങ്ങളുടെയും ആവശ്യത്തിലേയ്ക്കു്, പുതുതായി ഗതാഗതസൌകര്യം വർദ്ധിപ്പിക്കുന്നതിലേയ്ക്കുള്ളു എന്നു് കാണുന്നതു് അത്യന്തം ശോചനീയം ആയിരിക്കുന്നു.

ഇനി പ്രത്യേകിച്ചു പറയാനുള്ളതു് കൃഷിക്കാക്കുവേണ്ടി ഏർപ്പെടുത്തീട്ടുള്ള കൃഷിഡിപ്പാർട്ടുമെണ്ടിനെപ്പറ്റി തന്നെയാണു്. കൃഷിഡിപ്പാർട്ടുമെണ്ടു് എന്നു് ഒന്നു് നമ്മുടെ രാജ്യത്തു് തുടങ്ങീട്ടതന്നെ അധികം നാളായിട്ടില്ല. ഇപ്പോൾ ഈ ഡിപ്പാർട്ടുമെണ്ടിനെ ഇന്നിലത്തെ നിരൂപണത്തിൽ എന്റെ മാന്യ സ്നേഹിതന്മാരിൽ പലരും പലവിധം കാറപ്പെടുത്തീട്ടുള്ളതായി കാണുന്നു. എന്നാൽ അതുത്തോളം കുറപ്പെടേണ്ടതായ ആവശ്യം ആ ഡിപ്പാർട്ടുമെണ്ടിനെ സംബന്ധിച്ചുടത്തോളം ഉണ്ടെന്നു് ഞാൻ വിചാരിക്കുന്നില്ല. ഇതിൽ പ്രധാനമായി അധികച്ചിലവുണ്ടെന്നു് പറയുന്നതു് ഒക്കയും സെൻട്രൽ ഫാത്തെപ്പറ്റിയാണു്. സെൻട്രൽ ഫാത്തിലേയ്ക്കു് വേണ്ടതിലധികം ചിലവുചെയ്യുന്നു എന്നുപറയുന്ന കാര്യത്തിൽ ഞാൻ അവരോടു പൂർണ്ണമായി യോജിക്കുന്നു. എന്നാൽ ആ വക ചിലവു് തീരെ അനാവശ്യമെന്നു പറയുന്നതിൽ ഞാൻ അശേഷം യോജിക്കുന്നില്ല കൊച്ചിരാജ്യത്തു് ഒരു മാതൃകാതോട്ടമായി പറയാവുന്നതും തെങ്ങുകൃഷി ചെയ്വാൻ ബാക്കി എല്ലാ കൃഷികളും ഉൾപ്പെടുന്നതുമായ കൃഷിയെ മാതൃകയായി ഇതൊന്നുമാത്രമേ ഉള്ളു. നാനാതരത്തിലുള്ള കൃഷിയെ മാതൃകാരൂപത്തിൽ കാണിച്ചുകൊടുക്കാൻ ഒരു നല്ല തോട്ടം പോലും കൊച്ചിരാജ്യത്തു് വേണ്ടെന്നുപറയുന്നതിൽ ഞാൻ അത്യാശ്ചര്യപ്പെടുന്നു. ഇതിനെ ശരിയായ മാതൃകയിൽ കൊണ്ടുവരുന്നതുവരെക്കും ചിലവിനങ്ങളിൽ നിന്നും കൂടുതൽ വരവുണ്ടാകത്തക്കവിധം കൃഷി ചെയ്യുക ഈ തോട്ടത്തെ വേണ്ടവിധം അഭിവൃദ്ധിപ്പെടുത്തേണ്ടതാണെന്നു് ശരിയായ ഒരു കൃഷിക്കാരന്റെ നിലയിൽ ഞാൻ ഗവർമ്മെണ്ടിനോടു് അപേക്ഷിച്ചുകൊള്ളുന്നു.

ഗവർമ്മെണ്ടു് ഈ ഡിപ്പാർട്ടുമെണ്ടുനടത്തിപ്പിൽ വരുത്തേണ്ടതായ ഏതാനും ചില പരിഷ്കാരങ്ങളെക്കുടി കൌണ്സിലിന്റെയും ഗവർമ്മെണ്ടിന്റെയും ദയാദൃഷ്ടിയിൽ കൊണ്ടുവന്നുകൊള്ളട്ടെ. അതായതു് ഇപ്പോൾ കൃഷിക്കു് പ്രധാനമായ രണ്ടു സൌകര്യം ഉള്ളതിൽ ഒന്നു് വളം ഇല്ലായ്മയും, മറ്റേതു് വേണ്ടവിധം ജലദൌർലഭം ഇല്ലാത്തതും ആകുന്നു. ഇപ്പോൾ കൃഷിക്കാരായ ജനങ്ങൾക്കു് പ്രധാനമായ ഈരണ്ടു ഇനത്തിനും വേണ്ടി പ്രകൃതിയെമാത്രം ആശ്രയിക്കുകയ

LIBRARY ARCHIVES Kerala Legislative Assembly

ന്നു വൃത്തിയുള്ളൂ. ആകാശത്തിൽനിന്ന് മഴപെയ്തില്ലെങ്കിലും മണ്ണിൽ വളംഇട്ടില്ലെങ്കിലും കൃഷിപോയി. ഇതിനെ വേണ്ടവിധം പരിഷ്കരിക്കുകയാണ് കൃഷി ഡിപ്പാർട്ടുമെന്റിന്റെ പ്രധാനമായി സാധിക്കേണ്ടതു്. ഇതിൽ വളം വേണ്ടവിധത്തിൽ കൃഷിക്കാർക്ക് കിട്ടുന്നതിലെയ്ക്ക് ഇപ്പോൾ ചെയ്തിട്ടുള്ള ഏർപ്പാടുകൾ അശേഷം തൃപ്തികരമല്ല. കൃഷിയിൽ, വിശേഷിച്ചും നെൽകൃഷിക്ക്, ശരിയായ വളം ഇല്ലാത്തപക്ഷം അതിൽ യാതൊരുവിധത്തിലും അഭിവൃദ്ധി ഉണ്ടാകുന്നതല്ല. അധികവും നെൽകൃഷിയായുള്ള പ്രദേശങ്ങളിൽ ശരിയായി വേണ്ടതക്ക സ്ഥിതിയിൽ വളം ഡിപ്പോകൾ സ്ഥാപിക്കേണ്ടതിലെയ്ക്ക് വേണ്ടുന്ന ധനം ഗവർമ്മേണ്ടിൽ നിന്നും ചിലവുചെയ്യേണ്ടതു് ഏറെ വും അത്യാവശ്യം ആകുന്നു. മലയോട അടുത്ത പ്രദേശങ്ങളിൽ ആണ് കൊച്ചി രാജ്യത്തിലെ ഏറ്റവും വലുതും കൃഷിയിൽ ഒന്നാമതായി നില്ക്കുന്നതും ആയ സ്ഥലങ്ങൾ എന്നു തോന്നുന്നു. ഇവയെ സംബന്ധിച്ചും ഗവർമ്മേണ്ട് ചെയ്തിട്ടുള്ള ഏർപ്പാടുകൾ ഏറ്റവും പരിതാപകരമാണ് എന്നു് എന്റെ അനുഭവത്തെ മാത്രം അസ്പദമാക്കി പറയാവുന്നതാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട അഡൂരിൽ ഒരു റേവളം ഡിപ്പോപോലും കാണപ്പെടാത്തതുനാൽ വ്യസനിക്കുന്നു.

ഇനി എനിക്ക് രണ്ടുവാക്ക് പറയേണ്ടതു് വിദ്യാഭ്യാസത്തെ സംബന്ധിച്ചാണ്. ഇതിലേക്ക് ആവശ്യപ്പെട്ടുന്നതു് 12,53,100 രൂപയേട്ടം തന്നെ അധികമാണെന്ന് എനിക്ക് അഭിപ്രായമില്ല. ഈതിലും ഉൾനാടുകളിൽ ഉള്ളവർക്ക് ദോഷം ആണ് ചെയ്തുവരുന്നതു്. കൃഷിക്കാരായ ഉൾനാടുകളിൽ ഉള്ളവർക്ക് ശരിയായ വിദ്യാഭ്യാസം ഇല്ലാഞ്ഞിട്ടാണ് അവരിലും അവരുടെ തൊഴിലിലും പൊതുവെ അഭിവൃദ്ധി ഉണ്ടാകാതിരിക്കുന്നതു്. അധികം ഭാഗം പണവും ഉയർന്ന രീതിവിദ്യാഭ്യാസത്തിനായിട്ടാണ് ചിലവു ചെയ്യുന്നതു്. അതുപട്ടണങ്ങളിൽ ഉള്ളവർക്കുമാത്രം. ശരിയായി നോക്കുന്നതായാൽ ഉൾനാട്ടിലെ കൃഷിക്കാരായവർക്ക് ശരിയായ വിദ്യാഭ്യാസം ഇല്ലാഞ്ഞാൽ നാട്ടിൽ പൊതുവെ അഭിവൃദ്ധി ഉണ്ടാകുന്നതല്ലെന്നു കാണാം. കൊച്ചിയിലെ വിദ്യാഭ്യാസം വളരെ ഉയർന്ന നിലയിൽ എത്തിയിരിക്കുന്നുവെന്നും, അതിനാൽ ഇവിടെ ഇനി വിദ്യാഭ്യാസത്തിനു് പണം കൂടുതലായി അനുവദിക്കുവാൻ ആവശ്യമില്ലെന്നും അഭിപ്രായപ്പെടുന്നവരോടു് എനിക്ക് ഒരു വാക്കു പറയേണ്ടതായിട്ടുണ്ട്. അതും ഞാൻ മേൽ പ്രസ്താവിച്ച ന്യൂനതയെ അസ്പദമാക്കിയുള്ളതാണ്. അതായതു് പ്രാഥമിക വിദ്യാഭ്യാസത്തിനു് ഇവിടെ മലബാറാകുന്ന പണത്തിന്റെ തോതു് പോരെന്നുള്ളതാകുന്നു. കഴിഞ്ഞ 1921-ലെ സെൻസസ് പ്രകാരം എഴുതുവാനും വായിക്കുവാനും അറിയാവുന്നവരായി നമ്മുടെ രാജ്യത്തു് പുരുഷന്മാരിൽ 1000-നു 274 വീതമുണ്ടെങ്കിൽ തിരുവിതാംകൂറിൽ ഈ തുക 333 ആണ്. സ്ത്രീകൾ നമ്മുടെ നാട്ടിൽ 1000-നു 99 വീതമുണ്ടെങ്കിൽ തിരുവിതാംകൂറിൽ 150 വീതമുണ്ട്. നാനാപ്രകാരത്തിൽ ഒരു പോലെയിരിക്കുന്ന ഈ രണ്ടു രാജ്യങ്ങളിൽ നമ്മുടെ കൊച്ചു കൊച്ചിരാജ്യത്തിൽ തിരുവിതാംകൂറിനേക്കാൾ കുറവായിട്ട് മാത്രമേ എഴുതുവാനും വായിക്കുവാനും അറിയാവുന്നവരായിട്ടുള്ളൂ എന്നു് വന്നിരിക്കുന്നതു് ഒട്ടു തന്നെ അഭിമാന

LIBRARY ARCHIVES Kerala Legislative Assembly

കരമല്ല. ഈ പോരായ്മയെ പരിഹരിക്കുന്നതിനു് പ്രാഥമിക വിദ്യാഭ്യാസം കൂടുതലായി പ്രചരിപ്പിക്കുകയല്ലാതെ വഴിയുള്ളൂ എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഉയന്നതരം വിദ്യാഭ്യാസത്തിനു് ഇവിടെ ഒരു നല്ല സ്ഥാനം കല്പിച്ചു് കൊടുത്തിരിക്കുന്നു. അടുത്തകാലങ്ങൾക്കിപ്പുറം ഉയന്നതരം പരീക്ഷ പാസ്സായവർ എത്ര വലിച്ചിരിക്കുന്നുവെന്നും ഇവക്കെല്ലാവക്കും തങ്ങളുടെ ഉപജീവനത്തിനു് ഈ ഉയന്നതരം വിദ്യാഭ്യാസം എത്രകണ്ടു് സഹായിക്കുന്നുണ്ടെന്നും നമുക്കു് ഏറെക്കുറെ അറിയാമല്ലൊ. തിരുവിതാംകൂറിൽ ഒരു ബി. എ. ക്കാരനെ 20 രൂപ ശമ്പളത്തിൽ ഒരു മേസ്ത്രീപ്പണിക്കായി നിയമിച്ചു എന്നു് ഈയ്യിടെ ഒരു വർത്തമാനക്കടലാസിൽ വായിക്കുകയുണ്ടായി. അത്തരക്കാക്കു് ഇവിടേയും ഒരുപക്ഷേ അതിൽ കൂടുതൽ ആശക്കവകാശം ഇല്ലെന്നാണു് തൊന്നുന്നതു്. ഗവർമ്മേണ്ടുദ്യോഗത്തിന്നായി കിടികൊണ്ടിരിക്കുന്ന അപേക്ഷകളുടെ ഒരു കണക്കു് ശരിയായി പ്രസിദ്ധം ചെയ്യപ്പെടുന്നപക്ഷം ഇതിന്റെ ശരിയായ നില വെളിപ്പെടുന്നതാണു്. ഉയന്ന തരം വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർ നാട്ടിൽ ഈവിധം ഒരു "അഴിയാച്ചുരക്ക"കളായി വർദ്ധിച്ചിട്ടുള്ള ഈ കാലത്തു് ഇവിടെ ഒരു രണ്ടാം ഗ്രെയിഡ് കാളേജിന്റെ ആവിർഭവം തീരെ അസ്ഥാനത്തായിപ്പോയി എന്നാണു് എന്റെ താഴ്മയായ അഭിപ്രായം. താങ്ങുവാൻ നിവൃത്തിയില്ലാത്ത വിധം ചിലവുകൾ വർദ്ധിച്ചു് വർദ്ധിച്ചു് വരവിൽ കവിഞ്ഞിരിക്കുന്ന ഒരു കാലഘട്ടത്തിൽ, പ്രത്യേകിച്ചും വിദ്യാഭ്യാസച്ചിലവു് മുറുക്കണമെന്നു് തോന്നിപ്പോകാൻ തക്കവണ്ണം ആവക ചിലവു് വളർന്നുവരുന്ന ഈ കാലത്തു് ഇതിൽ ഗവർമ്മേണ്ടു് കാണിച്ചിട്ടുള്ള നയത്തെ ആക്ഷേപിക്കാതെ നിവൃത്തിയില്ല. ഇനി ഏതായാലും ഇതും ഒരു പുതിയ "പുലിവാൽ" തന്നെ ആയിരിപ്പാനെതരമുള്ളൂ. വിദ്യാഭ്യാസത്തിനുള്ള ഈ ചിലവു ക്രമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കുന്നതു് രാജ്യത്തിനു് യാതൊരുവിധ ദോഷവും നേരിടാതെ കുറയ്ക്കുവാൻ വല്ല മാർഗ്ഗവും ഉണ്ടോ എന്നു് ആലോചിക്കേണ്ടതു് അത്യാവശ്യം ആയിരിക്കുന്നു. ഈ വിഷയത്തിൽ ഞാൻ ഒരു പ്രമേയം കൊണ്ടുവരുവാൻ വിചാരിക്കുന്നതുകൊണ്ടു് ഇവയേപ്പറ്റി കൂടുതലായി ഒന്നും പ്രസ്താവിക്കുന്നില്ല.

ടോംവേയെ സംബന്ധിച്ചു് ഉണ്ടായിട്ടുള്ള അധികച്ചിലവുകാരണം പലമെമ്പർമാരും അവയെ നിർത്തൽ ചെയ്യണമെന്നു് അഭിപ്രായപ്പെട്ടതിൽ ഞാൻ അവരോടു പൂർണ്ണമായി യോജിക്കുന്നുവെങ്കിലും ഇതിനെ ആദായത്തിൽ ഉപയോഗിക്കത്തക്ക ഒരു പുതിയ സൂത്രംകൂടി കാണിച്ചുകൊള്ളട്ടെ. ടോംവെ ഇപ്പോൾ ഉപയോഗിച്ചുവരുന്ന വണ്ടി മുതലായിട്ടുള്ള എല്ലാ ഇരുമ്പുസാമാനങ്ങളും എടുത്തു് തുമ്പാ, വാക്കത്തി മുതലായ കൃഷി ആയുധങ്ങൾ ഉണ്ടാക്കുന്നതിലേയ്ക്കായി ചാലക്കുടി വർക്ക്ഷാപ്പിൽ കൊടുത്തു് സാധുക്കളായ കൃഷിക്കാർക്കു് കൊടുക്കുന്നതിലേക്കു് കൃഷിഡിപ്പാർട്ടുമേണ്ടുദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തണമെന്നു് ഒരു അഭിപ്രായത്തെക്കൂടി ഞാൻ ഗവർമ്മേണ്ടിന്റെ ദയാദൃഷ്ടിയിൽ കൊണ്ടുവന്നുകൊള്ളുന്നു. ഇനിയും അധികം പറയാനുണ്ടെങ്കിലും സമയച്ചുരുക്കത്താൽ ഇതിനെ അവസാനിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. കറപ്പൻ (വാലന്മാർ).

ചേരാനെല്ലൂർ എന്ന സ്ഥലത്തു് ഒരു വഴി തുറക്കേണ്ട ആവശ്യത്തിലേക്കു് ഒരു അഞ്ഞൂറു രൂപ ബഡ്ജറ്റിൽ കാണിച്ചിരിക്കുന്നതു് അനുചിതം ആണെന്നും ഒരു പ്രത്യേക സമുദായത്തിനു് ഒരുപ്രത്യേക വഴിക്കുവേണ്ടി ഇങ്ങനെ ഒരു സംഖ്യ അനുവദിക്കേണ്ട ആവശ്യമില്ലെന്നും മിസ്റ്റർ രാമയ്യർ ഇവിടെ പ്രതിവാദിക്കുകയുണ്ടായി. ആ ഒരു ആവശ്യകതയുടെ ഒരു പ്രാധാന്യത്തെ ഒരു രണ്ടുവാക്കുകൊണ്ടു് സഭയെ ധരിപ്പിക്കാമെന്നു് വിചാരിച്ചു് അത്യാവശ്യം ഞാൻ വിനിയോഗിച്ചുകൊള്ളട്ടെ. ആസ്ഥലത്തെ വഴിയുടെ ബുദ്ധിമുട്ടുകൊണ്ടു് പത്തുകൊല്ലം മുമ്പെ ഞാനും അവിടത്തെ വാലന്മാരും കൂടിവന്നു് പേഷ്കാരവർകളോടു് സങ്കടമറിയിച്ചു. അപ്പോൾ അദ്ദേഹത്തെ ഞങ്ങൾ കൂട്ടിക്കൊണ്ടുപോയിസ്ഥലംകാണിച്ചു് വഴിയുടെ ബുദ്ധിമുട്ടും ആവശ്യകതയും മനസ്സിലാക്കിക്കൊടുത്തിട്ടുണ്ടു്. അങ്ങിനെ അദ്ദേഹം അതു് നേരിട്ടു കണ്ടറിയാൻ ഇടയായി. പുതിയവഴി തുറന്നേതീരുകയുള്ളു എന്നു് എനിക്കു് യാതൊരഭിപ്രായവും ഇല്ല. ഇപ്പോഴത്തെ വഴികളിൽകൂടി ഞങ്ങൾക്കു് നടക്കാൻ അനുവാദം തന്നാലും മതി. ആ ഗ്രാമക്കാരും ഗവർമ്മെണ്ടും അപ്രകാരം അനുവദിക്കുന്നതായാൽ ഇങ്ങിനെ ഒരു ആവശ്യവും ചിലവും ഉണ്ടാകുന്നതല്ല. അവിടെ നാലഞ്ചു വഴികൾ ഉള്ളതു് സ്വർണ്ണക്ഷേത്രങ്ങളുടെ നടയിൽകൂടിയും നമ്പൂരി ഇല്ലങ്ങളുടെ മുമ്പിൽകൂടിയും കടന്നുപോകുന്നവഴികളാണു്. അതിലേക്കുടി കടന്നുപോകാൻ മനുഷ്യരായ ഞങ്ങളെ അവർ അനുവദിക്കുന്നില്ല. ഇപ്പോഴത്തെ സ്ഥിതിക്കു് എനിക്കു് ഇടപ്പള്ളിതീവണ്ടി ആപ്പീസ്സിൽ ഇറങ്ങിയാൽ എന്റെ വീട്ടിൽ ചെല്ലേണ്ടതു് ഒരു നായരുടെ വളപ്പിൽകൂടി ആണു്. അതുകൊണ്ടു് ഞാൻ എന്റെ വീട്ടിലെത്താൻ ഉപയോഗിക്കുന്ന ഒരു വിദ്യയും കൂടി ഇവിടെ പ്രകാശിപ്പിക്കേണ്ടതു അത്യാവശ്യം ആണെന്നു് വിചാരിക്കുന്നു. മേല്പറഞ്ഞ നായർവീട്ടുകാരു എന്നോടു് അല്പം ദയയുള്ളവരാണു്. ഞാൻചെന്നാൽ വേലികയറിച്ചാടി ഇറങ്ങുന്നതിലേക്കു് അപ്പുറവുമിപ്പുറവുമായി രണ്ടു കഞ്ഞളിമടലൊ മറ്റൊരുതെങ്കിലും താങ്ങുകളൊ വെച്ചുതരും. അവരുടെ ഈ ഔദാര്യശീലംകൊണ്ടു് അതിൽകൂടി കയറിച്ചാടി ഇറങ്ങിപ്പോകയാണു് ചെയ്യുന്നതു്. തെങ്ങുകൊണ്ടുവന്നതും തെങ്ങുകയറ്റക്കാരനുമൊക്കെ ഞങ്ങളാണെന്നു് മിസ്റ്റർ രാമൻപറഞ്ഞതു് അനുചിതം ആകാത്തതുപൊലെ വെള്ളത്തിലെ പെരുമാറ്റത്തിലും ഞങ്ങൾക്കു് സാമർത്ഥ്യം കൂടും എന്നും ഇതിനേക്കുടി ഇവിടെ തെളിയിച്ചുകൊള്ളട്ടെ. എനിക്കു് അവിടെ ഒരു വലിയ വളപ്പുണ്ടു്. അതിന്റെ മുന്നവശവും വേലികളും ഒരുവശം പുഴയുമാണു്. ഒരു വശത്തെ വേലി ചാടി ഇറങ്ങാമെങ്കിൽ പിന്നെ കുഴിക്കു് വഴിയുണ്ടു്. അതിനു് വേലി ഉടമസ്ഥന്മാർ അനുവദിക്കയില്ല. ഈ പറഞ്ഞ വളപ്പിനകത്തുള്ള വക്കു് എന്തെങ്കിലും നിത്യച്ചിലവിനുള്ള സാമാനം വാങ്ങണമെങ്കിൽ വേലിയൊ പുഴയൊ കടന്നുപോകണം. വേലി ചാടാൻ അനുവദിക്കയില്ലെന്നു് പറഞ്ഞുകഴിഞ്ഞല്ലൊ. പിന്നെ സാമാനം വാങ്ങാനായി ചെറിയ കുട്ടികൾ പുഴയിൽ ചാടിപോകും. വരുന്നതു് കാണാനാണു് ബഹുരസം. കൈയ്യിൽ സാമാനംപൊക്കിപ്പിടിച്ചുകൊണ്ടു് നീന്താൻപാലും നിവൃത്തിയില്ലാത്തവിധംകാലുംകൊണ്ടു് അടിച്ചുചാടിച്ചു്

LIBRARY ARCHIVES Kerala Legislative Assembly

ണ്ട് പോരിക. എന്നാൽ അവിടം മലവെള്ളത്തിന്റെ പാച്ചൽ കൊണ്ട് ഇപ്പോൾ അത്യഗാധമായിതീർന്നിരിക്കുന്നു. ഇവയെപ്പറ്റി അനേകം ഹർജികളും ബോധിപ്പിച്ചിട്ടുണ്ട്. ഈ സ്ഥലങ്ങൾ പേഷ്കാരവർകൾ സൂക്ഷ്മദൃഷ്ടിയാൽ കണ്ടറിയുകയുണ്ടായി. ഇതൊക്കെ പരമസങ്കടമാണ്. അതിനാൽ ഞങ്ങൾക്കു് ഒരു പ്രത്യേക പുതിയ വഴി ഉണ്ടാക്കിത്തരികയോ, ഉള്ളതിൽക്കൂടെതന്നെ നടക്കാൻ സ്വാതന്ത്ര്യം തരികയോ, ചെയ്യില്ലെങ്കിൽ ഞങ്ങൾക്കു് യാതൊരു നിവൃത്തിയും ഇല്ല. (ഇതും പേഷ്കാരവർകൾക്കു് അനുഭവത്തിൽ പെട്ടിട്ടുണ്ട്). ഒരിക്കൽ ഇവകളൊക്കെ കാണിച്ചുകൊടുക്കാൻ പേഷ്കാരവർകളെ കൂട്ടിക്കൊണ്ടുപോയപ്പോൾ അദ്ദേഹത്തെ അനുഗമിച്ചു് കുറെ വാഹനങ്ങളും ഉദ്യോഗസ്ഥന്മാരും ഒക്കെ ഉണ്ടായിരുന്നു. ഞങ്ങൾക്കു് അദ്ദേഹം പോകുന്നവഴിയിൽക്കൂടി ചെല്ലാൻ നിവൃത്തിയില്ലായിരുന്നതുകൊണ്ടു് കുറെ അകലെവെച്ചു് ഒരു പേലി വെട്ടിപ്പൊളിപ്പിച്ചാണു് അദ്ദേഹം ഞങ്ങളെ കടത്തിവിട്ടതു്. ഒരു പ്രത്യേക സൗകര്യത്തിനു് ഒരു പ്രത്യേക വഴി വെട്ടിക്കൊടുക്കുക എന്നതു് പലനഷ്ടങ്ങളും താങ്ങിക്കൊണ്ടിരിക്കുന്ന ഗവർമ്മെണ്ടിനു് കൂടുതൽ വ്യയമാണെന്നു് മിസ്റ്റർ രാമയ്യർ പറഞ്ഞതു് ശരിതന്നെ. ഞാനും യോജിക്കുന്നു. പക്ഷെ വഴിനടക്കാൻ നിവൃത്തിയില്ല. ഇങ്ങനെ ഒരു വഴി വെട്ടിയാൽ അവിടേയുള്ള ആ വഴിക്കാർക്കു് ഒരു വലിയ രക്ഷ ഉണ്ടാകുന്നതാണു്. അവിടേയുള്ളവർ മിക്കവാറും യാഥാസ്ഥിതികന്മാർ ആകുന്നു. ഉള്ള വഴിയിൽക്കൂടെതന്നെ നടക്കണമെന്നൊഴുകും ആ സാധുക്കൾ വാദിക്കുന്നില്ല. അതുകൊണ്ടു് ഈ വഴിക്കായി ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള തുക മുഴുവനും എല്ലാവരും സദയം സാധുകരിക്കണമെന്നു് ഞാൻ എല്ലാവരോടും അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ. സി. ഇട്ടിരവി നമ്പൂതിരി (അന്തിക്കാടു്).

ബഹുമാനപ്പെട്ട അദ്ധ്യക്ഷനവർകളെ,

വരുന്ന 1101-ാമാണ്ടിലെ ആയവ്യയക്കണക്കിന്മേൽ അഭിപ്രായം പറയുവാൻ അനുവാദം നൽകിയ മഹാരാജാവുതിരുമനസ്സിലോടും ബഹുമാനപ്പെട്ട കൊച്ചി ഗവർമ്മെണ്ടിനോടും വളരെ നന്ദി പറഞ്ഞുകൊണ്ടു് എനിക്കു് അല്പമായി തോന്നിയിട്ടുള്ളവയെ താഴെ പ്രസ്താവിച്ചുകൊള്ളുന്നു.

കൃഷി ഡിപ്പാർട്ടുമേണ്ടു്.

ഈ ഡിപ്പാർട്ടുമേണ്ടു് വളരെ പണം ചിലവുചെയ്തു് ഏർപ്പെട്ടത്തീട്ടുള്ള സെന്റർ ഫാമും (മാതൃകാകൃഷിത്തോട്ടം) ജനങ്ങൾക്കു് എത്രത്തോളം ഉപകാരവും ഫലപ്രദവും ആയിട്ടുണ്ടെന്നുള്ള ഒരന്വേഷണം ഗവർമ്മെണ്ടു് ചെയ്യുവാൻ സമയം അതിക്രമിച്ചിരിക്കുന്നു. ഈ മാതിരി മാതൃകാതോട്ടംകൊണ്ടുണ്ടാവുന്നതിനേക്കാൾ എത്രയോ അധികവും വിശേഷവുമായ ഒരു മാതിരിയിൽ നാട്ടുപുറങ്ങളിൽ ഓരോ കൃഷിക്കാരേക്കൊണ്ടു് ഡിപ്പാർട്ടുമേണ്ടിന്റെ ഉപദേശവും സഹകരണവുംകൊടുത്തു് കൃഷി ചെയ്യിക്കയും സാധുക്കളായ കൃഷിക്കാർക്കു് വിത്തു്, വളം, കന്നുകാലി ഇതുകളെ വാങ്ങിക്കുവാൻ മുതലായ പലിശ

LIBRARY ARCHIVES Kerala Legislative Assembly